# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2532 07.10.2016-ൽ മറുപടിക്ക്

## മാന്വൽ ഡ്രഡ്ജിങ്ങിലൂടെ എടുത്ത മണൽ വിതരണം ചെയ്യുന്നതിലെ ക്രമക്കേടുകൾ

ചോദ്യം മറുപടി

| | ശ്രീ.വി.കെ.സി. മമ്മത് കോയ | | ശ്രീ.രാമചന്ദ്രൻകടന്നപ്പള്ളി (തുറമുഖവും, മ്യൂസിയവും, പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ബേപ്പൂർ പോർട്ടിൽ നിന്നും മാന്വൽ ഡ്രഡ്ജിങ്ങിലൂടെ എടുത്ത മണൽ വിതരണം ചെയ്യുന്നതിൽ വൻ ക്രമക്കേടുകൾ നടക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ബേപ്പൂർ തുറമുഖത്തെ കരുവൻ തുരുത്തി പെരവന്മാട് കടവിൽ ബി1, ബി4 എന്നീ കടവുകളാണ് പ്രവർത്തിച്ചുവരുന്നത്. മേൽ സോണുകൾ ഉൾപ്പെടെ മാന്വൽ ഡ്രെഡ്ജിംഗ് അനുമതി നല്കപ്പെട്ട നാലു സോണുകളിലും ദിവസേനയുള്ള പരിശോധനയ്ക്കായി ജീവനക്കാരെ നിയോഗിച്ചു വരുന്നുണ്ട്. കൂടാതെ ബേപ്പൂർ തുറമുഖത്ത് നിലവിൽ മാന്വൽ ഡ്രഡ്ജിംഗിന് ഹൈ സെക്യൂരിറ്റി വാഹന പാസുകൾ ഓൺലൈൻ മുഖേനയാണ് നല്കി വരുന്നത്. ബി1, ബി4 എന്നീ കടവുകളിൽ ത്വരിത പരിശോധന നടത്തിയതിൽ പരാതിയിൽ ആരോപിക്കപ്പെട്ട കാര്യങ്ങൾ ഒന്നും തന്നെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ മേൽ കടവുകളിൽ ദിവസേനയുള്ള പരിശോധന കർശനമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ